(ബി) സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. മലപ്പുറം കാൻസർ സെന്ററിന് ആവശ്യമായ 25 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി., ഇ.എഫ്.എൽ.യു-വിനുവേണ്ടി നീക്കിവച്ചിരിക്കുന്ന 75 ഏക്കറിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള മന്ത്രിതലയോഗങ്ങൾ ചേരുകയും അതിനുമേൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

2. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി എന്നിവയുടെ ലഭ്യത സംബന്ധിച്ച് പ്രാരംഭ അന്വേഷണങ്ങൾ നടത്തി ഇവ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

3. മലപ്പുറത്ത് കാൻസർ സെന്ററിനുവേണ്ടി ഒരു പ്രോജക്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

4. മലപ്പുറം കാൻസർ സെന്ററിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു ഏജൻസിയെ കണ്ടുപിടിക്കുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

5. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട (ആദായ നികുതി വകുപ്പിൽനിന്നും) ആവശ്യമായ അംഗീകാരങ്ങൾക്കുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

6. ആശുപത്രിക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

അരിയിൽ ആർസനിക് രാസപദാർത്ഥം അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ട്

33 (T4836) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രധാന ഭക്ഷണമായ അരിയിൽ അനുവദനീയമായ തിലധികം ആർസനിക് എന്ന രാസപദാർത്ഥം അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതേക്കുറിച്ച് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി രാസപരിശോധന നടത്തി ഇതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക നീക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) അത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധന

34 (4837) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധനാഫലങ്ങളെക്കുറിച്ച് പരാതികൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തെറ്റായ പരിശോധനാഫലങ്ങൾ നൽകുന്നതുമൂലം പലപ്പോഴും രോഗികളുടെ ജീവനുതന്നെ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം ലാബുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പരിശോധനാതലങ്ങളിൽ പിഴവുവരുത്തുന്ന സ്വകാര്യ മെഡിക്കൽ ലാബുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലാബുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനാ സംവിധാനങ്ങളുടെ അഭാവം നിലവിലുണ്ട്. സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും ഉണ്ടായിരിക്കേണ്ട സൗകര്യത്തെക്കുറിച്ചുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിലവിൽ പൊതുജനാരോഗ്യത്തിന്റെ പരിധിയിൽപ്പെടുത്തി പരിമിതമായ തോതിൽ സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി അനധികൃതമായി പ്രവർത്തിക്കുന്നതോ ഗുണമേന്മയില്ലാതെ പരിശോധന നടത്തുന്നതുമായ ലാബുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly